NORKA ROOTS

A Government of Kerala Undertaking

## നോർക്ക-റൂട്ട്സ് ലീഗൽ കൺസൽട്ടന്റ്മാരെ ക്ഷണിക്കുന്നു

കേരളീയരായ പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ മലയാളികളായ അഭിഭാഷകരുടെ സൗജന്യ സേവനം നൽകുന്ന പദ്ധതിയാണ് പ്രവാസി നിയമ സഹായ സെൽ. വിദേശ രാജ്യങ്ങളിലെ നിയമങ്ങളിലെ പരിമിതമായ അറിവുമൂലം നിയമപ്രശ്നങ്ങൾ നേരിടേണ്ടി വരുന്ന പ്രവാസി മലയാളികൾ, നിയമസഹായം ലഭിക്കാതെ നിസ്സാര കേസുകളിൽ അകപ്പെട്ട് വിദേശ ജയിലുകളിൽ കഴിയുന്നുണ്ട്. ഇതിന്റെ ഭാഗമായി കേസുകളിൻമേൽ നിയമോപദേശം, നഷ്ടപരിഹാരം/ദയാഹർജികൾ എന്നിവയിൽ സഹായിക്കുക, നിയമ ബോധവത്കരണ പരിപാടികൾ മലയാളി സാംസ്ക്കാരിക സംഘടനകളുമായി ചേർന്ന് സംഘടിപ്പിക്കുക, വിവിധ ഭാഷകളിൽ തർജ്ജിമ നടത്തുന്നതിന് വിദഗ്ധരുടെ സഹായം ലഭ്യമാക്കുക, ബുദ്ധിമുട്ടുന്ന മലയാളികൾക്ക് നിയമ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുക എന്നിവയ്ക്ക് അതാത് രാജ്യത്തെ മലയാളി അഭിഭാഷകരുടെ സേവനം ലഭ്യമാക്കുന്നതിന് കേരള സർക്കാർ ആരംഭംകുറിച്ച *പ്രവാസി* ***നിയമസഹായസെൽ*** എന്ന പദ്ധതിയിൻ കീഴിൽ **യു എ ഇ ( അബുദാബി, ഷാർജ, ദുബായ്) സൗദി അറേബ്യ (റിയാദ്, ദമാം, ജിദ്ദ, ) ബഹ്റൈൻ (മനാമ), ഒമാൻ(മസ്ക്കറ്റ്), കുവൈറ്റ് (കുവൈറ്റ് സിറ്റി) , ഖത്തർ (ദോഹ), മലേഷ്യ (കോലാലംമ്പൂർ എന്നിവിടങ്ങളിലേക്ക് ലീഗൽ കൺസൽട്ടന്റ്മാരെ** തെരഞ്ഞെടുക്കുന്നതിന് താൽപര്യമുള്ള മലയാളി അഭിഭാഷകരിൽ നിന്നും നോർക്ക-റൂട്ട്സ് അപേക്ഷ ക്ഷണിക്കുന്നു. **അപേക്ഷകൾ അയക്കേണ്ട ഇ മെയിൽ വിലാസം esection.norka@kerala.gov.in.** വിശദ വിവരങ്ങൾ നോർക്ക റൂട്ട്സിന്റെ www.norkaroots.org എന്ന വെബ് സൈറ്റ് സന്ദർശിക്കുക. **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി 15/08/2023**

നോർക്ക ലീഗൽ കൺസൾട്ടന്റ്മാരുടെ യോഗ്യതകൾ

1. അപേക്ഷിക്കുന്ന വ്യക്തി കേരളീയനായിരിക്കണം. മലയാളഭാഷ എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള വ്യക്തിയായിരിക്കണം.

2. അതാത് വിദേശരാജ്യങ്ങളിലെ പ്രാദേശിക ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം.

3. അഡ്വക്കേറ്റായി കേരളത്തിൽ കുറഞ്ഞത് 2 വർഷവും **വിദേശത്ത് 7 വർഷവും പ്രവൃത്തി പരിചയം** ഉള്ള വ്യക്തിയായിരിക്കണം. ജി.സി.സി രാജ്യങ്ങളിലെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്ത് പ്രവൃത്തി പരിചയം ഉള്ളവരും നിലവിൽ അതാത് രാജ്യങ്ങളിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നയാളുമായിരിക്കണം. **സ്ത്രീ/പുരുഷൻ).**

4. അതാത് രാജ്യത്തെ അഭിഭാഷകരുടെ കൂടയോ/നിയമസ്ഥാപനങ്ങളിലോ കുറഞ്ഞത് രണ്ടു വർഷമെങ്കിലും ജോലി ചെയ്ത പരിചയം ഉള്ളവരായിരിക്കണം.

5. വിദ്യാഭ്യാസ/പ്രവൃത്തിപരിചയ രേഖകളുടെ പകർപ്പുകളും വിദേശമലയാളികൾ സാധാരണ നേരിടുന്ന നിയമപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര സാധ്യതകളും സംബന്ധിച്ച് 200 വാക്കിൽ കുറയാത്ത ഒരു കുറിപ്പും മലയാളത്തിൽ തയ്യാറാക്കി അപേക്ഷയോടൊപ്പം അനുബന്ധമായി അയക്കേണ്ടതാണ് .

മറ്റ് നിബന്ധനകൾ

1. ഹോണറേറിയം ഇന്ത്യൻ രൂപയായിട്ടായിരിക്കും നൽകുക. നോർക്ക ലീഗൽ കൺസൾട്ടന്റായി തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് ദേശസാത്കൃതബാങ്കിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.

2. നോർക്ക ലീഗൽ കൺസൾട്ടന്റിന്റെ നിയമന കാലാവധി 2 വർഷത്തേക്കായിരിക്കും. കരാറിലെ വ്യവസ്ഥകൾ പ്രകാരമുള്ള പ്രവർത്തനം ലീഗൽ കൺസൾട്ടന്റ് കാഴ്ചവയ്ക്കാത്ത പക്ഷം നിയമനം റദ്ദ് ചെയ്യുന്നതായിരിക്കും.

3. തിരഞ്ഞെടുക്കപ്പെടുന്ന വ്യക്തി നോർക്ക-റൂട്ട്സ് തയ്യാറാക്കിയിട്ടുള്ള കരാറിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ ഒപ്പ് വയ്ക്കേണ്ടതാണ്.

4. അപേക്ഷാഫാറം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട വിലാസം. esection.norka@kerala.gov.in. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2023 ആഗസ്റ്റ് 15.

5. അപേക്ഷകൾ കാരണം കൂടാതേയോ അല്ലാതേയോ നിരസിക്കുവാൻ നോർക്ക-റൂട്ട്സിന് അധികാരമുള്ളതാകുന്നു.

NORKA ROOTS
A Government of Kerala Undertaking

# പ്രവാസി നിയമ സഹായ സെൽ

(നോർക്ക ലീഗൽ കൺസൾട്ടന്റ് - അപേക്ഷാ ഫാറം)

(നിർദ്ദിഷ്ട അപേക്ഷാഫാറത്തിൽ സമർപ്പിക്കാത്തവ നിരസിക്കുന്നതാണ്)

അപേക്ഷകന്റെ/ അപേക്ഷയുടെ പാസ്പോർട്ട് സൈസ് ഫോട്ടോ

| | | | |
|---|---|---|---|
| 1. | അപേക്ഷകന്റെ പേര് | : | |
| 2. | വയസ്സ്, ജനനതീയതി | : | |
| 3. | ലിംഗം(ആൺ/പെൺ) | : | |
| 4. | ഇന്ത്യയിലെ സ്ഥിരം മേൽവിലാസം | : | |
| 5. | ബന്ധപ്പെടേണ്ട മേൽവിവാസം (പിൻകോഡ് ഉൾപ്പെടെ) | : | |
| 6. | ടെലഫോൺ (ലാൻഡ് ലൈൻ/മൊബൈൽ | : | |
| 7. | ഇ-മെയിൽ വിലാസം | : | |

| | | | |
|---|---|---|---|
| **8.** | ഗൾഫ് രാജ്യങ്ങളിലെ നിയമമേഖലയിലുള്ള മൊത്തം പ്രവൃത്തിപരിചയം | **:** | ................. വർഷം, ............... മാസം |
| **9.** | നിലവിലെ ജോലി | | |
| **10.** | മലയാളഭാഷ കൈകാര്യം ചെയ്യാൻ കഴിവുണ്ടോ? | | |
| **11.** | ഗൾഫ് രാജ്യങ്ങളിലെ നിയമങ്ങളെക്കുറിച്ച് അറിവുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം രാജ്യങ്ങളിലെ ഏതെല്ലാം മേഖലകളിൽ. | | |

**12.** വിദ്യാഭ്യാസയോഗ്യത (ഡിഗ്രി, എൽ.എൽ.ബി എന്നീ യോഗ്യതയുടെ വിശദാംശങ്ങൾ) (പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്)

| ക്രമ നം. | യോഗ്യത | സ്ഥാപനം | യൂണിവേഴ്സിറ്റി/ബോർഡ് | പൂർത്തിയാക്കിയ വർഷം |
|---|---|---|---|---|
| **1.** | | | | |
| **2.** | | | | |
| **3.** | | | | |

**അധിക യോഗ്യത:**

13. **പ്രവൃത്തിപരിചയം. (രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതാണ്).**

| | |
|---|---|
| **1** | **സ്ഥാപനം :**<br>**കാലാവധി :**<br>**തസ്തിക :**<br>**വിശദാംശങ്ങൾ :**<br>**നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വങ്ങൾ :** |
| **2** | **സ്ഥാപനം :**<br>**കാലാവധി :**<br>**തസ്തിക :**<br>**വിശദാംശങ്ങൾ :**<br>**നിക്ഷിപ്തമായിരുന്ന ഉത്തരവാദിത്വങ്ങൾ :** |

**14**. ജോലി ചെയ്തിരുന്ന വിദേശ രാജ്യങ്ങളിലെ രണ്ട്
റഫറൻസ് പേരുകൾ.

**15.** മറ്റ് എന്തെങ്കിലും വിശദാംശങ്ങൾ ലഭ്യമാക്കുവാനുണ്ടെങ്കിൽ ആയത് വിശദമാക്കുക.

| |
|---|
| |

**16.** വിദേശമലയാളികൾ സാധാരണ നേരിടുന്ന നിയമപ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാര സാദ്ധ്യതകളും സംബന്ധിച്ച് 200 വാക്കിൽ കുറയാത്ത ഒരു കുറിപ്പ് മലയാളത്തിൽ തയ്യാറാക്കി അനുബന്ധമായി സമർപ്പിക്കേണ്ടതാണ്.

## <u>സത്യപ്രസ്താവന</u>

മേൽ പറഞ്ഞ വസ്തുതകൾ പൂർണ്ണവും സത്യസന്ധവുമാണെന്നും ഞാൻ ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :
തീയതി :

(അപേക്ഷകന്റെ പേരും ഒപ്പും)

ഉള്ളടക്കം:

**<u>നോർക്ക ലീഗൽ കൺസൽട്ടന്റായി തെരഞ്ഞെടുക്കുന്നതിനുള്ള ഘടകങ്ങൾ</u>**

- **അപേക്ഷിക്കുന്ന വ്യക്തി കേരളീയനായിരിക്കണം. മലയാളഭാഷ എഴുതുവാനും സംസാരിക്കുവാനും കഴിവുള്ള വ്യക്തിയായിരിക്കണം.**
- **അതാത് വിദേശരാജ്യങ്ങളിലെ പ്രാദേശിക ഭാഷകൾ കൈകാര്യം ചെയ്യുവാൻ കഴിവുള്ള വ്യക്തിയുമായിരിക്കണം.**
- **കേരളത്തിൽ കുറഞ്ഞത് 2 വർഷം അഭിഭാഷകവൃത്തി ചെയ്തിട്ടുള്ളവരായിരിക്കണം. (സ്ത്രീ/പുരുഷൻ).**
- **അതാത് രാജ്യങ്ങളിൽ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്ത അനുഭവം ഉള്ള അഭിഭാഷകരായിരിക്കണം.**
- **നിലവിൽ അതാത് രാജ്യങ്ങളിൽ അഭിഭാക്ഷക പ്രവൃത്തിയിൽ പ്രാക്ടീസ് ചെയ്ത് കൊണ്ടിരിക്കുന്നവർ ആയിരിക്കണം.**
- **അതാത് രാജ്യത്തെ അഭിഭാഷകരുടെ കൂട്ടത്തിൽ/സ്ഥാപനത്തിൽ കുറഞ്ഞത് രണ്ടുവർഷമെങ്കിലും ജോലി ചെയ്ത പരിചയം ഉള്ളവരായിരിക്കണം.**
- **വിദ്യാഭ്യാസ/പ്രവൃത്തിപരിചയ രേഖകളുടെ പകർപ്പുകളും ഐറ്റം 16 ൽ നിർദ്ദേശിച്ചിരിക്കുന്ന കുറിപ്പും അനുബന്ധമായി അയക്കേണ്ടതാണ്.**
- **പൂരിപ്പിച്ച അപേക്ഷകൾ** esection.norka@kerala.gov.in ***എന്ന ഇ മെയിൽ വിലാസത്തിൽ 15/08/2023 വൈകുന്നേരം 5 മണിക്ക് മുൻപായി സമർപ്പിക്കുക.***

****************************